GOLD & DIAMOND JEWELLERY Mob.: 94474 07306, 94462 52022
Ph : 0474 - 2798363, 8547598363
Time : 8 AM - 1PM; 3 PM - 8 PM Mon-Sat

# കാരൂർ സോമന് പ്രവാസ

ന്യൂയോർക്ക് : അമേരിക്കയിലെ പ്രമുഖ ഓൺലൈൻ മാധ്യമമായ ഈ മലയാളിയുടെ പ്രഥമ സാഹിത്യപുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സാഹിത്യരംഗത്ത് മികച്ച സംഭാവനകൾ നല്കിയവർക്ക് വായനക്കാരുടെ താല്പര്യമനുസരിച്ച് ഏർപ്പെടുത്തിയ പ്രവാസി സാഹിത്യ പുരസ്കാരത്തിന് ലണ്ടനിൽ താമസിക്കുന്ന കാരൂർ സോമൻ അർഹനായി. സാഹിത്യരംഗത്ത് ഇരുപതോളം സാഹിത്യപുരസ്കാരങ്ങൾ നേടിയിട്ടുള്ള കാരൂർ- മാവേലിക്കര ചാരുംമൂട് സ്വദേശിയാണ്. ബാലരമയിലൂടെ ചെറുകവിതകൾ എഴുതി കടന്നുവന്ന കാരൂർ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി നാടകം, നോവൽ, കഥ, കവിത, ലേഖനം, സഞ്ചാര സാഹിത്യം, ശാസ്ത്ര- സാങ്കേതികം, കായികം, ടൂറിസം മേഖലകളിൽ കേരളത്തിലെ പ്രമുഖ പ്രസാദകർ പ്രസിദ്ധീകരിച്ച നാൽപതോളം കൃതികളുടെ ഉടമയാണ്. ഈയിടെയാണ് കാരൂരിന്റെ ഇംഗ്ലീഷ് നോവൽ 'മലബാർ എഫ്ളെയിം' ബ്രിട്ടീഷ് പാർലമെന്റിൽവച്ച് കേരള ചീഫ് സെക്രട്ടറി ജിജി തോംസൺ പ്രകാശനം ചെയ്തത്. ലോകമെമ്പാടുമുള്ള മാധ്യമങ്ങളിൽ നിരന്തരം എഴുതുന്നതിനൊപ്പം എല്ലാ വർഷവും കേരളത്തിൽനിന്നിറങ്ങുന്ന ഓണപ്പതിപ്പുകളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ട്. പ്രവാസികൾ എന്നും അവഗണനകൾ നേരിടുന്നവരാണ്. ആ കൂട്ടത്തിൽ കാരൂരിന് അർഹിക്കുന്ന അംഗീകാരം ലഭിക്കാൻ വൈകുന്നുണ്ടോ എന്ന ആശങ്കയും ഈ മലയാളി രേഖപ്പെടുത്തി.



**കാരൂർ സോമൻ**

മാവേലിക്കരയ്ക്കടുത്ത് ചാരുംമൂട് താമരക്കുളത്ത് ജനനം, നാടകം, നോവൽ, ബാലനോവൽ, ഇംഗ്ലീഷ് നോവൽ, ചരിത്രം, കഥ, കവിത, ലേഖനങ്ങൾ, സഞ്ചാരസാഹിത്യം, ശാസ്ത്രസാങ്കേതികം, കായികം, ടൂറിസം എന്നീ മേഖലകളിലെ സജീവ സാന്നിധ്യം. നാലു പതിറ്റാണ്ടുകളിലധികമായി പ്രമുഖ പ്രസാധകർ പ്രസിദ്ധീകരിച്ച നാല്പത്തിരണ്ട് കൃതികൾ. സ്വദേശവിദേശ പ്രമുഖ ആനുകാലികങ്ങളിൽ എഴുതുന്നു. സാഹിത്യ സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ടും അല്ലാതെയും 35 രാജ്യങ്ങളിൽ പര്യടനം നടത്തി. പ്രധാനമന്ത്രി, മുഖ്യമന്ത്രി, വിവിധ സാംസ്കാ

# തുടക്കം ഉ

ഷിഹാബ്

കൊല്ലം: പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലായിട്ട് ഒരു മാസം തികയുമ്പോൾ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത്





branded frames, sunglasses and
all types of contact Lenses

വെള്ളെഴുത്ത്
കണ്ണട

9847225025

# ി സാഹിത്യ പുരസ്കാരം

ിക സാഹിത്യ നായകന്മാരിൽനിന്നും ഇരുപതിലേറെ സാഹിത്യ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ബാലരമയിൽ കവിതകളെഴുതി സാഹിത്യ ലോകത്ത് പിച്ച വെച്ചു. പഠന കാലത്ത് ആകാശവാണി തിരുവനന്തപുരം-തൃശൂർ നിലയങ്ങളിൽ കർട്ടനിടു, കാർമേഘം എന്നീ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു. 1972-74 വർഷങ്ങളിൽ മലയാളമനോരമയുടെ നേതൃത്വത്തിലുണ്ടായിരുന്ന കേരള യുവജന സാഹിത്യ സഖ്യത്തിന്റെ മാവേലിക്കരയിൽ നിന്നുള്ള ഏകവ്യക്തി.

1973ൽ 'ഇരുളടഞ്ഞ താഴ്വര' എന്ന നാടകം സ്കൂൾ വാർഷികത്തോടനുബന്ധിച്ച് താമരക്കുളം വി. വി. എച്ച്.എസിൽ അവതരിപ്പിച്ചു. പോലീസിനെതിരെയുള്ള നാടകമായതിനാൽ അവരുടെ നോട്ടപ്പുള്ളിയായി. നാടകം നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ അവതരിപ്പിക്കുമെന്ന് അറിവ് ലഭിച്ചതിനെത്തുടർന്ന് നക്സൽ ബന്ധം ആരോപിച്ച് മാവേലിക്കര പോലീസ് അറസ്റ്റു ചെയ്തു ലോക്കപ്പിലടച്ചു മർദ്ദിച്ചു. വീട്ടുകാർ ഇടപെട്ട് പുറത്തിറക്കി. പോലീസിൽനിന്നും വീട്ടുകാരിൽനിന്നുമുള്ള ഭീഷണിയെത്തുടർന്ന് ജ്യേഷ്ഠൻ ജോലി ചെയ്തിരുന്ന റാഞ്ചിയിലേക്ക് ആരുമറിയാതെ ഒളിവിൽ പോയി.

ഏതാനും മാസങ്ങൾക്കുശേഷം അവിടുത്തെ എയ്ഞ്ചൽ തീയേറ്റേഴ്സിനു വേണ്ടി നാടകങ്ങളും ഗാനങ്ങളുമെഴുതി. അവരുടെ സഹായത്താൽ ബൊക്കാറോ, ആഗ്ര, ഡൽഹി, മുബൈ, ലുധിയാന തുടങ്ങിയ സ്ഥലങ്ങളിൽ നാടകങ്ങൾ അവതരിപ്പിച്ചു. റാഞ്ചി എക്സ്പ്രസ് ദിനപത്രത്തിലായിരുന്നു ആദ്യ കാലത്ത് ജോലി. 1975ൽ റാഞ്ചി മലയാളി അസോസിയേഷന്റെ മലയാളി മാസികയിൽ 'കലയും കാലവും' എന്ന ലേഖനം ആദ്യമായി വെളിച്ചം കണ്ടു. 1985-ൽ ആദ്യ സംഗീത നാടകം 'കടൽക്കര, ശ്രീമൂലനഗരം വിജയന്റെ അവതാരികയോടെ വിദ്യാർത്ഥി മിത്രവും 1990-ൽ ആദ്യ നോവൽ കണ്ണീർപ്പൂക്കൾ തകഴി ശിവശങ്കരപ്പിള്ളയുടെ അവതാരികയോടെ സാഹിത്യസഹകരണസംഘവും ഗൾഫിൽ നിന്നുള്ള ആദ്യ സംഗീത നാടകം 'കടലിനക്കരെ എംബസി സ്കൂൾ' തോപ്പിൽ ഭാസിയുടെ അവതാരികയോടെ അസന്റ് ബുക്സും പുറത്തിറക്കി. നീണ്ട വർഷത്തെ ഗൾഫ് ജീവിതത്തിനിടയിൽ ഗൾഫ് മനോരമ, മാധ്യമം, മലയാളം ന്യൂസിൽ കഥകൾ, കവിതകൾ, ലേഖനങ്ങളെഴുതിയിരുന്നു.

ലണ്ടനിൽ എത്തിയതിന് ശേഷം യൂറോപ്പ് ദീപികയിലെഴുതി. 2005 -ൽ പ്രവാസി മലയാളി മാസിക ലണ്ടനിൽനിന്നും ആരംഭിച്ചു. 2012-ലെ ലണ്ടൻ ഒളിമ്പിക്സ് മാധ്യമം പത്രത്തിനുവേണ്ടി റിപ്പോർട്ടു ചെയ്തു. ആദ്യ ഇംഗ്ലീഷ് നോവൽ മലബാർ എ ഫ്ളെയിം ബ്രിട്ടീഷ് പാർലമെന്റിൽവെച്ച് പ്രകാശനം ചെയ്തു.

വേൾഡ് മലയാളി കൗൺസിൽ മിഡിൽ ഈസ്റ്റ് ആഫ്രിക്കയുടെ കലാ സാംസ്കാരിക വിഭാഗം ചെയർമാനായും ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും നിരവധി സ്വദേശി-വിദേശി മാധ്യമങ്ങളുടെ അസോസിയേറ്റ് എഡിറ്ററായും, എഡിറ്റോറിയൽ ബോർഡ് അംഗമായും, പ്രതിനിധിയായും പ്രവർത്തിക്കുന്നു. ഭാര്യ ഓമന തീയാട്ടുകുന്നേൽ. മക്കൾ : രാജീവ്, സിമ്മി, സിബിൻ.

# ജ്വലം





# ബിയറടിച്ചാൽ നല്ല ഫിറ്റ് !

ആലപ്പുഴ: ഋഷിരാജ് സിംഗ് എക്സൈസ് കമ്മീഷണറായതോടെ ബാറുകളിലും കള്ളുഷാപ്പുകളിലും നടന്നുവന്ന 'വ്യാജൻ' കച്ചവടത്തിന് കുച്ചു വിലങ്ങു വീണു. പല ബാറുകളിലും ബിയറിന് നിശ്ചിത അളവിനേക്കാൾ ലഹരി കൂടിയതായിരുന്നു വിറ്റിരുന്നത്. കരൾ രോഗം ഉണ്ടാ